ഉത്തരം

(എ) ആറ്റിങ്ങൽ നിയമസഭാ നിയോജകമണ്ഡലത്തിൽ 2013 മാർച്ചിന് ശേഷം നബാർഡിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പ്രദേശത്തെ ത്രിതല പഞ്ചായത്തുകളിൽ നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ പദ്ധതികൾ ഒന്നും നടക്കുന്നില്ല.

മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ പ്രവൃത്തികൾ

23 (7320) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികളിൽപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ നബാർഡ് RIDF XVIII ട്രാഞ്ചെയിൽ ഉൾപ്പെടുത്തി പാലമേൽ ഗ്രാമപഞ്ചായത്തിലെ 95-ാം നമ്പർ അംഗനവാടി കെട്ടിടവും താമരക്കുളം പഞ്ചായത്തിലെ 98-ാം നമ്പർ അംഗനവാടി കെട്ടിടവും 3-ാം നമ്പർ അംഗനവാടി കെട്ടിടവും നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(സി) നബാർഡ് നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ത്രിതല പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ അംഗീകാരം നൽകുന്നു.

ഗ്രാമവികസന വകുപ്പ് കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ പ്രവൃത്തികൾ

24 (7321) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമവികസന വകുപ്പ് കണ്ണൂർ ജില്ലയിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോന്നിന്റെയും തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

എൻ.ആർ.എൽ.എം. പദ്ധതി

25 (7322) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ.യ്ക്കുപകരം വന്ന എൻ.ആർ.എൽ.എം. പദ്ധതി സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടെങ്കിൽ സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും നടപ്പാക്കിയിട്ടുണ്ടോ ; ആകെ എത്ര തുകയാണ് പദ്ധതിക്കായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപഞ്ചായത്ത് തലത്തിൽ കുടുംബശ്രീവഴി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 2012 ഫെബ്രുവരി മാസം മുതൽ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) പദ്ധതി സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് നാളിതുവരെയായി 87.489 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) പരിപാടി ഓരോ പഞ്ചായത്തിനുമുള്ള കുടുംബശ്രീ സി.ഡി.എസ്. ത്രിതല സംഘടനാ സംവിധാനം മുഖേനയാണ് നടപ്പാക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly